സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീപീഡനകേസുകൾ

30 (*330)ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീധനപീഡന കേസുകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ത്രീധനത്തിനെതിരായും, സ്ത്രീജനക്ഷേമത്തിനുവേണ്ടിയും ഇന്നു നിലവിലുള്ള നിയമം പര്യാപ്തമാണോ;

(സി) സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നിയമം കൊണ്ടുവരാനോ നിയമഭേദഗതി ചെയ്യാനോ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പോലീസ് കൈകാര്യം ചെയ്തിട്ടുണ്ട്;

(ഇ) സ്ത്രീജനപീഡനത്തെ തുടർന്നുള്ള മരണം ആത്മഹത്യയായി ചിത്രീകരിക്കുന്നതുമൂലം കുറ്റവാളികൾ രക്ഷപ്പെടുവാനിടയാകുന്നതായ പരാതി ഉയർന്നിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സ്ത്രീകൾക്കെതിരായ അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന എല്ലാ പരാതികളിന്മേലും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതുകൊണ്ടും പരാതി ലഭിച്ചാൽ അടിയന്തിരമായി അന്വേഷണം നടത്തുമെന്ന അവബോധത്തിന്റെ അടിസ്ഥാനത്തിൽ അക്രമത്തിനിരയാകുന്ന സ്ത്രീകൾ കൂടുതലായി പരാതി നൽകുന്നത് കൊണ്ടും ഇത് സംബന്ധിച്ച കേസ്സുകളുടെ എണ്ണത്തിൽ നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) സ്ത്രീധനത്തിനെതിരെയുള്ള നിയമം പര്യാപ്തമല്ലെന്നും, സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിയമങ്ങളിൽ ഭേദഗതികൾ വരുത്തണമെന്നും, കേരളവനിതാ കമ്മിഷൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് വനിതാ കമ്മിഷൻ സർക്കാരിന് സമർപ്പിച്ച ശുപാർശ പരിശോധിച്ച് വരുകയാണ്.

(ഡി) 498 (എ) ഐ.പി.സി. പ്രകാരം 6965 കേസ്സുകളും 304 (ബി) ഐ.പി.സി. പ്രകാരം 82 കേസ്സുകൾ ഉൾപ്പെടെ ആകെ 7047 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ഇല്ല. പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടികൾ സ്വീകരിക്കും.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

1(1462) ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എന്ന് രൂപീകരിക്കാനാവും എന്നറിയിക്കുമോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മേഖലാടിസ്ഥാനത്തിൽ ആണോ ട്രൈബ്യൂണൽ രൂപീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ട്രൈബ്യൂണൽ രൂപീകരണത്തോടെ ഇപ്പോൾ ഹൈക്കോടതിയിൽ നിലവിലുള്ള സർവ്വീസ് സംബന്ധമായ കേസ്സുകൾ ട്രൈബ്യൂണലിന് വിടുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) ഇതു സംബന്ധിച്ച അന്തിമ തീരുമാനം എടുത്തിട്ടില്ല.

ക്രമസമാധാനനില ഭദ്രമാക്കാൻ പുതിയ നടപടികൾ

2 (1463) ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ്ജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ക്രമസമാധാനനില ഭദ്രമാക്കുവാൻ പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പൊതുജനങ്ങളുടെ സൈരജീവിതം ഉറപ്പുവരുത്തുവാൻ 'റാപ്സ്' എന്ന പേരിൽ പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇതുമൂലം പട്ടണങ്ങളിലെ അക്രമപ്രവർത്തനങ്ങൾ അമർച്ചചെയ്യുവാൻ സാധിച്ചിട്ടുണ്ടോ;

(ഇ) ഇത് എല്ലാ പട്ടണങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) മുൻസിപ്പാലിറ്റി പ്രദേശത്തെ ക്രമസമാധാന പാലനത്തിനായി മുനിസിപ്പൽ ഏരിയ പട്രോളിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഒരു പരിധിവരെ അക്രമപ്രവർത്തനങ്ങൾ അമർച്ച ചെയ്യാൻ സാധിച്ചിട്ടുണ്ട്.

(ഇ) സേനയുടെ അംഗബലം കൂടുന്നതനുസരിച്ചും വാഹനങ്ങളുടെ ലഭ്യതയനുസരിച്ചും പരിഗണിക്കുന്നതാണ്.

തീരദേശ മാനേജ്മെന്റ് പദ്ധതി

3 (1464) ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ :

LIBRARY ARCHIVES Kerala Legislative Assembly